വാരാന്ത്യപതിപ്പ് ലക്കം-53 | MAY 22 - MAY 28

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം
പേജ് 1

ഫോട്ടോഗ്രഫി മത്സരം
പേജ് 1

അഗ്വഞ്ചർ
പേജ് 2

ട്രാഷ് ഇറ്റ് :സെന്റ് തോമസ് കോളേജ്
പേജ് 3

ട്രാഷ് ഇറ്റ് : തൃശ്ശൂർ താലൂക്ക് ഓഫീസ്
പേജ് 3

അഭയം
പേജ് 4

അക്ഷരാഗ്നി
പേജ് 6

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

മ്യൂസിക് എന്ന വിഷയത്തെക്കുറിച്ച് സോഷ്യോപോഡ്സിന്റെ  അമ്പത്തിയഞ്ചാം എപ്പിസോഡ് മെയ് പതിനാറാം തിയ്യതി വൈകുന്നേരം ആറുമണിക്ക് പുറത്തിറക്കി. മ്യൂസികിനെ കുറിച്ചാണ് അതിൽ സംസരിച്ചത്. സംഗീതത്തിന് പ്രായമോ ഭാഷയോ ഒരു പ്രശ്നമില്ല. ആർക്കും അത് ആസ്വദിക്കാം. പാട്ട് പോലെ തന്നെ പ്രിയപ്പെട്ടതാണ് നമ്മുക്ക് അത് പാടുന്നവരും . കലങ്ങി കിടക്കുന്ന മനസിനെ ശാന്തമാക്കാനും ഉണർവ് നൽകാനും സംഗീതത്തിന് അമാനുഷിക ശക്തിയുണ്ട്. ഏതൊരു വികാരവും മനുഷ്യമനസ്സിനെ ആഴത്തിൽ പതിപ്പിക്കാൻ സംഗീതത്തിനേക്കാൾ മികച്ചതായി മറ്റൊന്നിനും കഴിയില്ല എന്ന് പറഞ്ഞു കൊണ്ടാണ് വളന്റിയർ സ്വാതി സംസരിച്ചത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം

അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം മെയ് ഇരുപത്തിരണ്ടിന് ആചരിച്ചു.കരയിലും കടലിലുമുള്ള ജൈവ വൈവിധ്യം നഷ്ടപ്പെടാതെ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന സന്ദേശം മുൻനിർത്തിയാണ് ഈ ദിനം ആചരിച്ചുവരുന്നത്.ഈ ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രഫി കോമ്പറ്റിഷൻ സംഘടിപ്പിക്കുകയും,പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## ഫോട്ടോഗ്രഫി മത്സരം

മെയ് ഇരുപത്തിരണ്ടാം തിയ്യതി ജൈവവൈവിധ്യത്തിനായുള്ള അന്താരാഷ്ട്ര ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചു. ബി കോം ഫിനാൻസിലെ രഞ്ജിത്ത്  കൃഷ്ണനെ ആണ് വിജയിയായി തിരഞ്ഞെടുത്തത്. എൻ എസ് എസ് വളന്റിയേഴ്സ് വളരെ സജീവമായി തന്നെ പങ്കെടുത്തു.




# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. വെള്ളിയാഴ്ച പതിനൊന്നു വളന്റിയേഴ്സും ശനിയാഴ്ച നാല് വളന്റിയേഴ്സും രാവിലെ മുതൽ വൈകുന്നേരം വരെ പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.









# ട്രാഷ് ഇറ്റ് :സെന്റ് തോമസ് കോളേജ്

മെയ് ഇരുപത്തിയെട്ട് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സ് പ്രൊഫ.രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ഇരുപതോളം എൻ എൻ എസ് വളന്റിയേഴ്സ് ചേർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ അക്കാദമിക് ബ്ലോക്ക് പരിസരം വൃത്തിയാക്കി. രാവിലെ ഒൻപതര മുതൽ വൈകീട്ട് നാല് വരെയാണ് വളന്റിയേഴ്സ് ശുചീകരണത്തിൽ ഏർപ്പെട്ടത്. പരിപാടിയുടെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# ട്രാഷ് ഇറ്റ് : തൃശ്ശൂർ താലൂക്ക് ഓഫീസ്

മെയ് ഇരുപതിയെട്ട് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പതിനഞ്ചു എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ പത്തര മുതൽ ഒന്നര വരെ തൃശ്ശൂർ താലൂക്ക് ഓഫീസ് ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# അഭയം

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ 'അഭയം ഭവന നിർമ്മാണ  പദ്ധതി' പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.

## ചോദ്യം ഉത്തരം

കേരളത്തിലെ ഇപ്പോഴത്തെ സംസ്ഥാനതല എൻ
എസ് എസ് ഓഫീസർ ആര്?

- ഡോ.അൻസർ ആർ എൻ

## അക്ഷരാഗ്നി

ആർദ്ര. കെ. എച്ച്





# ചിന്താവിഷയം

നിങ്ങൾ ദുഃഖിച്ചിരിക്കുമ്പോൾ ജീവിതം നിങ്ങളെ നോക്കി കളിയാക്കും. നിങ്ങൾ സന്തോഷിച്ചിരിക്കുമ്പോൾ ജീവിതം നിങ്ങളെ നോക്കി ചിരിക്കും. എന്നാൽ നിങ്ങൾ മറ്റുള്ളവരുടെ സന്തോഷത്തിന് കാരണമാകുമ്പോൾ ജീവിതം നിങ്ങളെ സല്യൂട്ട് ചെയ്യും.

- ചാർളി ചാപ്ലിൻ

@nss_stc_42_144